(ഐ) സെക്കണ്ടറി വിദ്യാഭ്യാസതലം വരെ വിദ്യാഭ്യാസം സൗജന്യമായ നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള ഫീസ് വർദ്ധനവ് പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്കും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസം നിഷേധിക്കുന്നതിന് തുല്യമാണെന്ന ആക്ഷേപം ശരിയാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ജെ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ അദ്ധ്യയന വർഷം മുതൽ 7-6-2003-ലെ സ.ഉ. (എം.എസ്) 66/03/ഉവിവ എന്ന ഉത്തരവ് പ്രകാരം ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. സ്കൂളുകളിലെ ഫീസ് വർദ്ധിപ്പിച്ചിട്ടില്ല.

(സി&ഡി) 2002-2003 അദ്ധ്യയന വർഷത്തിൽ കോളേജുകളിലെ ഫീസും സ്കൂൾ തലത്തിൽ സ്പെഷ്യൽ ഫീസും വർദ്ധിപ്പിച്ചിട്ടുണ്ട്. സ്കൂളുകളിൽ 8-ാം ക്ലാസ് മുതൽ കമ്പ്യൂട്ടർ ഫീസായി പ്രതിമാസം 25 രൂപാ ഈടാക്കി വരുന്നുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) അല്ല.

(എഫ്) പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ബി.സി. വിഭാഗങ്ങൾക്കും കുമാരപിള്ള കമ്മീഷൻ ശുപാർശ പ്രകാരം ഉയർന്ന ജാതിയിൽപ്പെട്ടതും എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ വിദ്യാർത്ഥികൾക്കും ഫീസ് ആനുകൂല്യം നിലവിലുണ്ട്.

(ജി) പരിഗണനയിലില്ല.

(എച്ച്) സർക്കാരിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഫീസ് വർദ്ധിപ്പിച്ചിട്ടുള്ളത്.

(ഐ&ജെ) ഇല്ല. സെക്കണ്ടറി വിദ്യാഭ്യാസതലംവരെ ഫീസ് വർദ്ധനവ് വരുത്തിയിട്ടില്ല. കൂടാതെ പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും നിലവിലുള്ള ഫീസാനുകൂല്യവ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടില്ല.

പാഠ പുസ്തക അച്ചടിയുടെ ചെലവ്

90 (1400) ശ്രീ വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സിൽ അച്ചടിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എട്ടാം ക്ലാസ്സിലെ പാഠപുസ്തക അച്ചടി ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചിരുന്നുവോ ;

(സി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) സർക്കാർ പ്രസ്സിൽ നിന്നും സർക്കാർ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കാതെ സ്വകാര്യ പ്രസ്സുകൾക്ക് നൽകുന്നതുമൂലം സാമ്പത്തിക ലാഭമുണ്ടോ ;

(ഇ) ഈ വർഷത്തെ ഏതെല്ലാം ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ സർക്കാർ പ്രസ്സിൽ അച്ചടിച്ചുവെന്നും ഏതെല്ലാം സ്വകാര്യ പ്രസ്സുകളിൽ അച്ചടിച്ചുവെന്നും വ്യക്തമാക്കുമോ ;

(എഫ്) പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് സ്വകാര്യ പ്രസ്സിൽ വരുന്ന ചെലവും സർക്കാർ പ്രസ്സിൽ വരുന്ന ചെലവും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) സംസ്ഥാനത്തെ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സംബന്ധിച്ച് ഉന്നതതല മോണിറ്ററിംഗ് കമ്മീറ്റിയാണ് തീരുമാനം എടുക്കുന്നത്. അച്ചടിയുടെ പുരോഗതി അവലോകനം ചെയ്യുമ്പോൾ സമയബന്ധിതമായി അച്ചടി പൂർത്തിയാക്കാത്ത പ്രസ്സുകളിൽ നിന്നും അച്ചടി പൂർത്തിയാക്കിയ പ്രസ്സുകളെ ഏൽപ്പിക്കാൻ തീരുമാനിച്ചിരുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 8-ാം ക്ലാസിലെ ഒരു ടൈറ്റിൽ ഗവൺമെന്റ് പ്രസിൽ നിന്നും മാറ്റി നൽകിയിട്ടുണ്ട്.

(ഡി) ഗവൺമെന്റ് പ്രസ്സുകൾക്കോ സർക്കാർ മേഖലയിലെ മറ്റ് പ്രസ്സുകൾക്കോ അച്ചടി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് സ്വകാര്യ പ്രസുകളെകൂടി അച്ചടി ജോലി ഏൽപ്പിക്കേണ്ടി വരുന്നത്. ഇതിൽ സാമ്പത്തിക ലാഭത്തിന്റെ ഉദ്ദേശമില്ല.

(ഇ) നാല്, അഞ്ച്, ആറ്, എട്ട്, പത്ത് എന്നീ ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങൾ ഗവൺമെന്റ് പ്രസ്സുകളിലും സർക്കാർ അധീനതയിലുള്ള കെ.ബി.പി.എസ്., കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റീപ്രോഗ്രാഫിക് സെന്റർ എന്നീ പ്രസ്സുകളിലും, ഒന്ന്, രണ്ട്, മൂന്ന്, ഏഴ്, ഒൻപത് എന്നീ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ സ്വകാര്യ മേഖലയിൽപ്പെട്ട പ്രസ്സുകൾക്കും ആണ് അച്ചടിക്ക് നൽകിയിരുന്നത്.

(എഫ്) സ്വകാര്യ പ്രസ്സിലും സർക്കാർ പ്രസ്സിലും പാഠപുസ്തക അച്ചടിക്ക് ആവശ്യമായ പേപ്പർ സർക്കാരാണ് വിതരണം ചെയ്യുന്നത്. പേപ്പറിന്റെ ചെലവ് കൂടാതെ പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട ചെലവ് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.† കെ.ബി.പി.എസ്-ൽ അച്ചടിക്കുന്ന പുസ്തകങ്ങൾ സർക്കാർ ചെലവിലും ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ അവരുടെ സ്വന്തം ചെലവിലുമാണ് സ്റ്റോറുകളിൽ എത്തിക്കുന്നത്.

---

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - IV

[27-6-2003-ലെ ചോദ്യം നമ്പർ 90(1400)-ന്റെ ഉത്തരം കാണുക]

നിലവിലുള്ള പാഠപുസ്തകങ്ങളുടെ അച്ചടി നിരക്കുകൾ

പ്രസ്സിന്റെ പേര്	കറുപ്പും വെള്ളയും അച്ചടി	നാല് കളർ അച്ചടി
കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി കാക്കനാട്, കൊച്ചി-30 ആന്റ് കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ.	പ്രിന്റിംഗ് ചാർജ് 16 പേജിന്റെ 1000 കോപ്പികൾക്ക് 120 രൂപ.	ഇപ്പോൾ കറുപ്പും വെളുപ്പും അച്ചടിയുടെ നിരക്കുകൾ തന്നെയാണ് നൽകി വരുന്നത്.
	ബൈൻഡിംഗ് ചാർജ് 1000 പുസ്തകങ്ങൾക്ക് 370 രൂപ	
സ്വകാര്യ പ്രസ്സുകൾ	പ്രിന്റിംഗ് ചാർജ് 16 പേജിന്റെ 1000 കോപ്പികൾക്ക് 135 രൂപ.	പ്രിന്റിംഗ് ചാർജ് 16 പേജിന്റെ 1000 കോപ്പികൾക്ക് 299 രൂപ.
	ബൈൻഡിംഗ് ചാർജ് ഇല്ല	ബൈൻഡിംഗ് ചാർജ് ഇല്ല

പ്രസ്സിന്റെ പേര്	അച്ചടി കടലാസിന്റെ വേസ്റ്റേജ് നിരക്കുകൾ	
	കറുപ്പും വെളുപ്പും അച്ചടി	നാല് കളർ അച്ചടി
കെ.ബി.പി.എസ്.	6%-8%	8%
മറ്റ് പ്രസ്സുകളും സ്വകാര്യ പ്രസ്സുകളും	1%	4%

അനുബന്ധം - V

[27-6-2003-ലെ ചോദ്യം നമ്പർ 128(1438)-ന്റെ ഉത്തരം കാണുക]

1.	Marthoma Syrian Church of Malabar, Kunnamkulam	Badiadka Kasaragod	1. B.Sc Rehabilitation of Exceptional People. 2. B.Sc Speech Pathology & Audiology.
2.	Ideal Educational & Charitable Trust, Uliyil	Narayampara Uliyil	Arabic College with 1. Afsal-Ul-Ulama (Preliminary & Final)

LIBRARY ARCHIVES Kerala Legislative Assembly

3.	Al-Maquarussuniyil Islam, Badariya Nagar, Thaliparamba.	Nadukani Ponniyoor	1. Afsal-Ul-Ulama
4.	Devamatha Educational Trust, Paisakkari	Paisakkari Payyannur Kannur	1. B.Sc Physics 2. B.Sc Maths 3. B.A. English
5.	Marymatha Educational Trust, Alakode	Alakode Thaliparamba	1. B.Sc Physics 2. B.Sc Chemistry. 3. B.A. Functional English
6.	Sharaf Arts & Science College, Padanne, Kasaragod	Padanne Kasaragod	1. B.Sc Bio technology 2. Bio-Informatics 3. B.Com
7.	Heritage India Foundation Kaithapram Fine Arts College	Kaithapram Kannur	1. B.A. Bharathanatyam 2. B.A. Karnatic Music
8.	Jamia-Sa-Adiya Arabia, Kalanad, Kasaragod	Deli, Kalanad Kasaragod	1. B.Sc Computer Science 2. B.Sc Bio-Technology 3. B.A. Functional Arabic.
9.	S.N.D.P. Yogum, Kollam	Kalichcnadukkam Kasaragod	1. B.Sc Microbiology 2. B.Sc Physics 3. B.Sc Electronics
10.	Dr. Ambedkar Memorial Educational Trust, Periya.	Periya, Hosdurg Kasaragod	1. B.Sc Physics 2. B.Com 3. B.Sc Mathematics
11.	P.V.Kunhikannan Memorial Society	Athiyara, Chruvancherry Kannaur	1. B.Sc Physics 2. B.A English 3. B.Com
12.	Hira Charitable Trust, Mayyil	Mayyil, Kannur	1. B.Sc Microbiology 2. B.Sc Mathematics 3. B.Com

LIBRARY ARCHIVES Kerala Legislative Assembly

13.	C.H. Muhammed Koya Centre for Development of Education, Science & Technology Kasragod.	Perala Enmakaja, Kasaragod	1. B.A Economics 2. B.A History 3. B.Com
14.	Chinamaya Mission Educational & Cultural Trust, Kannur	Women's College at Govindagiri Chala, Kannur	1. B.Sc Computer Science 2. B.Sc Micro-Biology 3. B.Sc Home Science 4. B.B.M

അനുബന്ധം - VI

[27-6-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 133(1443) -ന്റെ ഉത്തരം കാണുക]

DETIALS OF THE VARIOUS COURSES AVAILABLE IN THE VARIOUS GOVT. /AIDED/SELF-FINANCING ENGINEERING COLLEGES AND THE NO. OF SEATS AVAILABLE UNDER EACH COURSE

Course Code	*Course description*	*Govt. Colleges*	*Aided Colleges*	*Self-financing Colleges*
(1)	(2)	(3)	(4)	(5)
AE	Applied Electronics	120	....	420
AG	B. Tech. (Agrl. Engg.)	22	....	....
AR	Architecture	40	20	20
BM	Bio Medical Engg.	....	....	100
BT	Bio Technology	....	....	300
CE	Civil Engg.	332	270	240

LIBRARY ARCHIVES Kerala Legislative Assembly